**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **19-01-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് വിവിധ സാമൂഹ്യസുരക്ഷ പെൻഷൻ വാങ്ങുന്ന എത്ര പേർ ഉണ്ട്; ഓരോ വിഭാഗമായി വിശദമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 4864627 ഗുണഭോക്താക്കളാണുള്ളത്. ഓരോ പെൻഷന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (13.01.2021 പ്രകാരം) |
| (ബി) | ഈ സർക്കാർ എത്രപേർക്കാണ് പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചത്; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം പുതുതായി 1421213 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എത്ര പേരാണ് ഉണ്ടായിരുന്നത് ; യു.ഡി.എഫ് ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ വിവിധ പെൻഷനുകൾ എത്ര രൂപയായിരുന്നു; | (സി) | കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ 3443414 പേരാണ് സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളായി ഉണ്ടായിരുന്നത്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ അവസാന ഘട്ടത്തിൽ ഉള്ള പെൻഷൻ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ഡി) | കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്; | (ഡി) | കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ ഉണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്. |
| (ഇ) | സാമൂഹ്യസുരക്ഷ പെൻഷനിൽ എത്ര ഗുണഭോക്താക്കൾക്കാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്; അത് ഓരോന്നിനും എത്രയാണ് ലഭിക്കുന്നത്; വിശദമാക്കാമോ? | (ഇ) | സാമൂഹ്യ സുരക്ഷാ പെൻഷനിൽ 688329 ഗുണഭോക്താക്കൾക്കാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. ആയത് ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 436130 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2580514 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ | 405298 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 85081 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 1357604 |
| **ആകെ** | | **4864627** |

| ക്രമ നമ്പർ | പെൻഷൻ തരം | ഉപവിഭാഗം | പെൻഷൻ റേറ്റ് |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് താഴെ | 600 |
| | | 75 വയസ്സിന് മുകളിൽ | 1500 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | അംഗപരിമിതി 80 ശതമാനത്തിൽ കുറവ് | 800 |
| | | അംഗപരിമിതി 80 ശതമാനത്തിൽ കൂടുതൽ | 1100 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | 800 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | | 800 |

| ക്രമ നമ്പർ | പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 449158 |
| 2 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ | 29935 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 209236 |
| **ആകെ** | | **688329** |